# നേർവഴി

ആരോഗ്യകരമായ സമൂഹത്തിന് ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആലപ്പുഴ ജില്ലാ പോലീസ് നടപ്പിലാക്കുന്ന പുതിയ പദ്ധതിയാണ് നേർവഴി. ഈ പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ജില്ലയിലെ 4 സബ് ഡിവിഷനുകളിൽ നിന്നായി 8 സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അദ്ധ്യാപക രക്ഷകർതൃ സമിതികളുടെയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സുകളുടെയും സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്കുളുകളിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചും സ്കൂൾ പരിസരങ്ങളിലെ കടകളിൽ റെയ്ഡുകൾ നടത്തിയും. ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചും സ്കൂളുകളും പരിസരങ്ങളും ലഹരി വിമുക്തമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നാളെ (03.11.2016) മുതൽ ഈ പദ്ധതി ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളികളിൽ നിലവിൽ വരുന്നതാണ്. ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാ നർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി ആണ് ഈ പദ്ധതിയുടെ നടപ്പിലാക്കുന്നത്.